# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-12)1159/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/01/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി-12)1159/2021 തീയ്യതി: 06/01/2022

## എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാജിമോൻ കെ.എ. | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2021 | 25-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2021 | 25-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസി.എം., ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ കെ.വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സജീവ് എൻ.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി.സി.എക്സ്., ഓഡിറ്റർ
ശ്രീ ടിനു.കെ.ജെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിഷാദ്.എ.ഐ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജയലക്ഷ്മി എ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 26-04-2019 |
| സീന പി.വി. | സെക്രട്ടറി | 27-04-2019 | 28-07-2019 |
| ഷൈജ്ജ പി.ഇ. | സെക്രട്ടറി | 29-07-2019 | 09-08-2019 |
| സീന പി.വി. | സെക്രട്ടറി | 10-08-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ശ്രീജ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.തോമസ് ജിബിൻ എ. | മെഡിക്കൽ ഓഫീസർ, ആയുർവേദം. | 01-04-2019 | 31-03-2020 |
| ഡോ. ധന്യ പ്രസാദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| അജിതമോൾ കെ.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 27-01-2020 |
| രശ്മി രാമചന്ദ്രൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 28-01-2020 | 31-03-2020 |
| സലിസിയ സജിനി | അസി. എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| മിനിമോൾ പി.വി. | അസി. എഞ്ചിനീയർ | 23-07-2019 | 31-03-2020 |
| സിമ്മി സി.കെ. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സലിം കെ. മണിക്ഫാൻ | വെറ്ററിനറി സർജൻ | 01-04-2019 | 19-11-2019 |
| ഡോ. കെ.എ. സാബു | വെറ്ററിനറി സർജൻ | 20-11-2019 | 30-11-2019 |
| ഡോ.അനുപം എബ്രഹാം | വെറ്ററിനറി സർജൻ | 01-12-2019 | 31-03-2020 |
| മധു കെ.ആർ. | വി.ഇ.ഒ. ചിറ്റാറ്റുകര സർക്കിൾ | 01-04-2019 | 31-03-2020 |
| സന്ധ്യ പി. എസ്. | വി.ഇ.ഒ. പല്ലംതുരുത്ത് സർക്കിൾ | 01-04-2019 | 31-03-2020 |
| ജയലക്ഷ്മി എ. | അസി. സെക്രട്ടറി | 01-04-2019 | 12-07-2019 |
| ഷൈജ്ജ പി.ഇ. | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| രശ്മി പി.രാജൻ | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 20-03-2020 |

| | | | |
|---|---|---|---|
| സബീന ടി.എം. | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 21-03-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Tessy (Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 26-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: N.M.Sajeev (Asst. Audit Officer, On 26-08-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 26-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 04-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 26-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 26-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: TINU K.J. (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: TINU K.J. (Auditor, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-9 |
| 11 | ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-10 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-11 |
| 13 | കാന നിർമ്മാണം - അധികം തുക നൽകി<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-12 |
| 14 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-13 |
| 15 | സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ്,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-14 |
| 16 | ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-15 |

| | | |
|---|---|---|
| 17 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-16 |
| 18 | വാഹനത്തിന്റെ ഉപയോഗം - രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-17 |
| 19 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നേരിട്ട് നടപ്പിലാക്കിയ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-18 |
| 20 | സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ അളവിൽ മുറി പണിതു<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-19 |
| 21 | സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം - ആഡംബര വാഹനം വാങ്ങിയതിന് ധനസഹായം നൽകി<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-20 |
| 22 | സുലേഖ ചെലവ് പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-21 |
| 23 | തെരുവു നായ്ക്കളിലെ പ്രജനന നിയന്ത്രണം - പദ്ധതി നടപ്പാക്കിയിട്ടില്ല<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-22 |
| 24 | ടച്ച് സ്ക്രീൻ പ്രവർത്തിക്കുന്നില്ല.<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-23 |
| 25 | വി.ഇ.ഒ. നടപ്പിലാക്കിയ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Betsy C.X (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-24 |
| 26 | കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-25 |
| 27 | പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂര പുനരുദ്ധാരണം - അപാകത<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-26 |
| 28 | വിൽപ്പത്ര പ്രകാരം പഞ്ചായത്തിന് അർഹതപ്പെട്ട ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയില്ല.<br>Written By: K.V.Santhosh Kumar (Asst. Audit Officer, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 1-27 |
| 29 | മരുന്നുകളും ഉപകരണങ്ങളും മുഴുവൻ ലഭ്യമായിട്ടില്ല.<br>Written By: Tessy (Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-28 |
| 30 | ഓഡിറ്റ് ഇംപാക്ട്<br>Written By: TINU K.J. (Auditor, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | വില്ലേജ് ഓഫിസ് റോഡ് മെയിന്റനൻസ്,കാന നിർമ്മാണം-അധികം തുക | 3-1 |

| | | |
|---|---|---|
| | നൽകി<br>Written By: N.M.Sajeev (Asst. Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Tessy (Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: N.M.Sajeev (Asst. Audit Officer, On 24-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-7 |
| 8 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 27-11-2021) | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Tessy (Audit Officer, On 26-08-2021)<br>Last Updated By: Raj N.C (Computer Assistant, On 06-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: N.M.Sajeev (Asst. Audit Officer, On 25-08-2021)<br>Last Updated By: Raj N.C (Computer Assistant, On 15-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 16.02.2019 ലെ 1ാം നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. 17.03.2020ൽ ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് നടപ്പ് വർഷം യഥാർത്ഥത്തിലുള്ള വരവ് ചെലവുമായി വലിയ അന്തരം കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് |
|---|---|---|
| മുന്നിരിപ്പ് | 7195738 | 31242455 |
| വരവ് | 243474842 | 75178396 |
| ആകെ | 250670580 | 106420851 |
| ചെലവ് | 246041633 | 74269187 |
| നീക്കിയിരിപ്പ് | 4628947 | 32151664 |

ബജറ്റ് യാഥാർത്ഥ്യാധിഷ്ഠിതമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.20 | 15.06.20 |

## 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,12,42,455 |
| ഓഡിറ്റ് വർഷത്തെ വരവ് | 7,51,78,396 |
| ആകെ | 10,64,20,851 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 7,42,69,187 |
| നീക്കിയിരിപ്പ് | 3,21,51,664 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1209951 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | 23006841 | 23006841 | 11578173 | 11428668 |
| വികസന ഫണ്ട്- എസ്.സി.പി | | 8086235 | 8086235 | 3782928 | 4303307 |
| വികസന ഫണ്ട്- ടി.എസ്.പി | | 191000 | 191000 | 42640 | 148360 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | | 11233769 | 11233769 | 4337091 | 6896678 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഫണ്ട് റോഡ് | | 5207000 | 5207000 | 2883947 | 2323053 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | | 4331000 | 4331000 | 1895298 | 2435702 |
| സാക്ഷരത | 5067 | 176 | 5243 | -- | 5243 |
| സാനിട്ടേഷൻ | 2236237 | 77647 | 2313884 | 123211 | 2190673 |
| അങ്കണവാടി പൂരക പോഷകാഹാരം | 915487 | 686795 | 1602282 | 400000 | 1202282 |
| Life State Share | --- | 17200000 | 17200000 | 13675147 | 3524853 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1381325 | --- | 1381325 | --- | 1381325 |
| ആശ്രയ ചലഞ്ച് ഫണ്ട് | --- | 646277 | 646277 | --- | 646277 |

വികസനഫണ്ട് ജനറൽ, എസ്.സി.പി. എന്നീ ഇനങ്ങളിൽ ജി.ഒ.പ്രോജക്റ്റ് പ്രകാരമുള്ള വരവ് ചെലവ് തുകകൾ കൂടി ഉൾപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 142531933 | 194 | 36940556 | 87 | 21 | 49.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 15238 | 1525123 | 1540361 | 1399557 | 140804 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 25335704 | 25335704 | 25335704 | -- |
| ആകെ | 15238 | 26860827 | 26876065 | 26735261 | 140804 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 53760 | 65 |
| കർഷകത്തൊഴിലാളി പെൻഷൻ | 493200 | 88 |
| വിധവാപെൻഷൻ | 7400400 | 1355 |
| വാർദ്ധക്യകാലപെൻഷൻ | 14165700 | 2834 |
| വികലാംഗപെൻഷൻ | 2098800 | 376 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 603600 | 109 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2021ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3159/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ, ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി കൃത്യമായി കൈകാര്യം ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും വിവിധ സേവനങ്ങൾ ആവശ്യപ്പെട്ടുവരുന്ന പൊതുജനങ്ങൾക്ക് മികച്ച സൗകര്യങ്ങൾ ഫ്രണ്ട് ഓഫീസിൽ നിന്നും സ്ഥല പരിമിതി മൂലം ലഭിക്കുന്നില്ല. പഞ്ചായത്തിലെ രജിസ്റ്ററുകളും, വൗച്ചറുകളും മറ്റ് രേഖകളും ഓഡിറ്റിനായി ലഭിച്ചിരുന്നുവെങ്കിലും വിമുക്ത ഭടൻമാർക്കുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് ലഭിക്കുന്നതിന് വസ്തു നികുതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നത് തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പഞ്ചായത്ത് കോവിഡ്

പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടുകയും ജനങ്ങൾക്ക് ആവശ്യമായ മരുന്ന്. ഭക്ഷണം സാനിറ്റേഷൻ ഉപകരണങ്ങൾ, സി.എഫ്.എൽ.ടി.സി സൗകര്യങ്ങൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. കൈയെഴുത്ത് രസീത് ഉപയോഗിച്ച് പണം പിരിക്കുമ്പോൾ കളക്ഷൻ രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ സെക്രട്ടറിയോ സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ കൈയെഴുത്ത് രസീത് ഉപയോഗിച്ച് പിരിച്ച പണം പഞ്ചായത്തിൽ അടവാക്കുന്നതിന്റെ കൃത്യത പരിശോധനയ്ക്ക് വിധേയമാകുന്നില്ല. മിക്ക കൈയെഴുത്ത് രസീത് ബുക്കുകളിലും സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

## 1-10 ഗ്രാമ സഭ – നിയമപ്രകാരമുള്ള ഇടവേളകളിൽ യോഗം കൂടുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 18 ഗ്രാമസഭകൾ നിയപ്രകാരമുള്ള ഇടവേളകളിൽ യോഗം ചേരുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ ആകെ 2 തവണ മാത്രമാണ് 18 ഗ്രാമസഭകളും യോഗം ചേർന്നിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | യോഗം ചേർന്ന മാസം | യോഗത്തിന്റെ അജണ്ട |
|---|---|---|
| 1 | 2019 ജൂലായ് | 1.2019-2020 ബഡ്ജറ്റ് അംഗീകാരം<br>2. കർഷക ഗ്രാമസഭ<br>3. ലഹരി വിരുദ്ധ ബോധവത്കരണം<br>4. ജലസംരക്ഷണം |
| 2 | 2020 ഫെബ്രുവരി | 1.2020-21 വാർഷിക പദ്ധതി രൂപീകരണം<br>2.ദുരന്ത നിവാരണ ആസൂത്രണരേഖ തയ്യാറാക്കൽ<br>3.പെൻഷൻ ലിസ്റ്റ് അംഗീകാരം<br>4.2019-2020 വാർഷിക പദ്ധതി-അഡീഷണൽ ലിസ്റ്റ്<br>5.MGNREGS ആക്ഷൻ പ്ലാൻ അംഗീകരിക്കൽ |

നിലവിൽ ഗ്രാമസഭകൾ പലതും നിയമപരമായ ഒരു ബാദ്ധ്യത നിറവേറ്റുക എന്നതിനുമപ്പുറം പദ്ധതി ആസൂത്രണത്തിലോ, പദ്ധതി പ്രവർത്തനങ്ങളിലോ കാര്യമായി ഇടപെടുന്നില്ല. നിയമപ്രകാരം യഥാസമയം യോഗം ചേരാതിരിക്കുന്നതിനാലും ജനപങ്കാളിത്തത്തിന്റെ കുറവുമൂലവുമാണ് ഇപ്രകാരം ഗ്രാമസഭകൾ മാറിയിട്ടുള്ളത്. ഗ്രാമസഭായോഗങ്ങളിൽ എല്ലാവരെയും പങ്കെടുപ്പിച്ചും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ഫലവത്തായി ചർച്ച ചെയ്തും ഗ്രാമസഭാ തീരുമാനങ്ങളെ മറികടന്ന് കാര്യങ്ങൾ പ്രാവർത്തികമാക്കുന്നത് ഒഴിവാക്കിയും ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.02.2020 | ഫെബ്രുവരി 2020 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.11.17 മുതൽ 21.11.2017 വരെ | 2012-17 | 16.07.2019 |

## 1-12 കാന നിർമ്മാണം - അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ & പേര് | എസ്.ഒ 051/18 (162/19-20)<br>വില്ലേജ് ഓഫീസ് റോഡ് മെയിന്റനൻസ്, കാന നിർമ്മാണം |
| അടങ്കൽ | 586710/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എം.ബുക്ക് | 63/18-19 |
| ചെലവ് വിവരം | 1)ബിൽ നമ്പർ -5/19-20/07.06.2019- 2,22,222/-രൂപ<br>2)ബിൽ നമ്പർ -12/19-20/26.06.2019-350303/-രൂപ |
| കരാറുകാരൻ | ബിജുകുമാർ.ടി.എസ് |

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുകയും തുടർന്ന് 2019-20 വർഷം നടപ്പാക്കിയതുമായ വില്ലേജ് ഓഫിസ് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ റോഡ് നിർമ്മാണത്തോട് ഒപ്പം കാന നിർമ്മാണവും നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം50 മീറ്റർ നിളത്തിലും 60സെന്റിമീറ്റർ വീതിയിലും 65 സെന്റീമീറ്റർ താഴ്ചയിലും എർത്ത് വർക്ക് നടത്തി 50 മീറ്റർ നിളത്തിലും 55 സെന്റിമീറ്റർ താഴ്ചയിലും 15 സെന്റിമീറ്റർ വീതിയിലും സൈഡ് വാൾ (1:2.5:5)നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കൂടാതെ എസ്റ്റിമേറ്റ് പ്രകാരം വെയറിംഗ് കോട്ട് 50 മീറ്റർ നിളത്തിലും 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലുമാണ് ചെയ്യുന്നത്. എന്നാൽ എം ബുക്ക് പ്രകാരം ഇനം 3 ആയി ചെയ്ത പ്രവൃത്തിയിൽ കാനയുടെ സൈഡ് വാൾ (1:2.5:5)നിർമ്മിച്ചിരിക്കുന്നത് 19 സെന്റിമീറ്റർ 20 സെന്റിമീറ്റർ എന്നീ വീതികളിലാണ്. 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലുമാണ് വെയറിംഗ് കോട്ട് ചെയ്തിരിക്കുന്നത്.ഇപ്രകാരം 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലും വെയറിംഗ് കോട്ട് (1:2:4)ചെയ്തതിനാൽ സൈഡ് വാളിന്റെ വീതി 19 സെന്റീമീറ്റർ ഉണ്ടാകില്ല. 15 സെന്റീമീറ്റർ മാത്രമായിരിക്കും വാളിന്റെ വീതി. എസ്റ്റിമേറ്റ് പ്രകാരമുള്ള 15 സെന്റീമീറ്റർ വീതീയിൽ കണക്കാക്കുമ്പോൾ താഴെപ്പറയുന്ന അധിക ചെലവ് കാണുന്നു.

| ഇനം-3 | അനുവദിച്ചത് | ആകെ | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|

| | | | |
|---|---|---|---|
| 1 | 1X20X.19X(.37+.39/2)=1.44 | 1X20X.15X(.37+.39/2)=1.14 | |
| 2 | 1X15.85X.19(.37+.39/2)=1.14 | 1X15.85X.15(.37+.39/2)=.90345 | |
| 3 | 1X4.15X.19X.41=.32 | 1X4.15X.15X.41=.255 | |
| 4 | 2X20X.19(.39+.38/2)=2.93 | 2X20X.15(.39+.38/2)=2.31 | |
| 5 | 2X11.5X.19(.38+.42/2)=1.75 | 2X11.5X.15(.38+.42/2)=1.38 | |
| 6 | 2.6X.2X.53=.28 | 2.6X.15X.53=.2067 | |
| 7 | 1.4X.2X.65=.18 | 1.4X.2X.65=.1365 | |
| | ആകെ =8.04 | ആകെ =6.3312 | |
| | 8.04x7788=62615 | 6.3312x7788=49307 | 13307 |

എസ്റ്റിമേറ്റിൽ നിന്നും അധികരിച്ച് ഇനം 3 ആയി ചെയ്ത പ്രവൃത്തിയിൽ 13307/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12/തീയതി 17.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കാനയുടെ എക്സ്കവേഷൻ രേഖപ്പെടുത്തിയപ്പോൾ .68 മീറ്ററിന് പകരം .60മീറ്റർ എന്ന് രേഖപ്പെടുത്തിയെന്നതാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരവും എം.ബുക്ക് പ്രകാരവും കാനയുടെ എക്സ്കവേഷൻ.60 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അധികം നൽകിയ 13307/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-13 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നമ്പർ | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | വസ്തുനികുതി |
|---|---|---|---|---|
| 1 | ഡോ.മുഹമ്മദാലി, സ്മിതാ ഹോസ്പിറ്റൽ | 9/450 | ആശുപത്രി | 563 |
| 2 | സജീവ്.എ.റോയ് | 15/254/d | ആശുപത്രി | 691 |
| ആകെ | | | | 1254 |

2)സെക്രട്ടറി ,വടക്കേക്കര സർവ്വീസ് കോ ഓപറേറ്റീവ് ബാങ്ക് നീണ്ടൂർ വക 3/84/F നമ്പർ കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 161.81 ച.മീ ആണ്. വസ്തുനികുതി നിർണ്ണയത്തിൽ ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം ' വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ' എന്നതിലാണ് ചേർത്തിരിക്കുന്നത്. ' വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ' ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 40 രൂപ/ച.മീറ്ററും 'വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ' എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി കണക്കാക്കി വസ്തുനികുതി നിർണ്ണയിച്ചതിലൂടെ താഴെ ചേർത്ത പ്രകാരം വസ്തുനികുതി ഈടാക്കിയതിൽ കുറവുണ്ടായതായി കാണുന്നു.

| | അടിസ്ഥാന വസ്തുനികുതി | വർദ്ധനവ്(വഴി സൌകര്യം 20%) | ഇളവ്(ബഹു നില വാണിജ്യാവശ്യം 10%) | വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 40 രൂപ നിരക്കിൽ വസ്തുനികുതി | 6472.4 | 1294.48 | 776.7 | 6990 |
| 60 രൂപ നിരക്കിൽ വസ്തുനികുതി | 9708.6 | 1941.72 | 1165.03 | 10485 |

കുറവ് = 10485 - 6990 = 3495

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ഫയൽ പരിശോധനക്ക് ലഭ്യമായില്ല. ആയതിനാൽ ബഹുനില വാണിജ്യാവശ്യത്തിനു ഇളവ് നൽകിയതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല. ആയത് സൂചിപ്പിച്ച് 18-08-2021 ന് എൻക്വയറി (നമ്പർ 16) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. കെട്ടിടത്തിന്റെ പ്ലാൻ മറ്റ് രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതും, കുറവ് വന്ന വസ്തു നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

3)സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ നികുതി ഇളവിന് തറ വിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ കവിയാത്ത വീടിന് മാത്രമേ അർഹതയുള്ളു. കൂടുതൽ വിസ്തീർണ്ണമുണ്ടെങ്കിൽ ആ ഭാഗത്തിന് നികുതി ബാധകമാണ്. ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ ഇളവ് സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നതായി കാണുന്നില്ല. കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സംബന്ധിച്ച് അപേക്ഷകളിൽ രേഖപ്പെടുത്തലുകളില്ല. ആയതിനാൽ 2000 ച. അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള ഭാഗങ്ങൾക്ക് നികുതി ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് സംബന്ധിച്ച് കെട്ടിടത്തിന്റെ തറവിസ്തീർണ്ണം ഉൾപ്പടെ രേഖപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കി വിവരം അറിയിക്കേണ്ടതാണ്.

4) സാംഖ്യാ സോഫ്റ്റ് വെയറിൽ നിന്നുള്ള ക്യാൻസൽഡ് റെസീപ്റ്റ് റിപ്പോർട്ട് പ്രകാരം 19-07-2019ൽ ക്യാൻസൽ ചെയ്ത 119010101912 നമ്പർ രസീത് (1328രൂപ) സഞ്ചയയിൽ കെട്ടിട നമ്പർ 16/261 A യുടെ 2017 ഒന്നാം അർദ്ധ വർഷം 732 രൂപയും 2019 ഒന്നാം അർദ്ധ വർഷം 443 രൂപയും വസ്തു നികുതി ആയി പോസ്റ്റ് ചെയ്തിട്ടുണ്ട്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ്,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ സഞ്ചയ പ്രകാരം താഴെ ചേർത്ത കെട്ടിടങ്ങളുടെ ഉപയോഗക്രമം ആശുപത്രി എന്ന ഇനത്തിലാണ് ചേർത്തിരിക്കുന്നത്. ഇവയിൽ നിന്നും 1999ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ/രജിസ്ട്രേഷൻ പുതുക്കൽ ഫീസോ ലൈസൻസ് ഫീസോ ജീവനക്കാരുടെ തൊഴിൽ നികുതിയോ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നമ്പർ | കെട്ടിട ഉടമ |
|---|---|---|
| 1 | 9/297/B | ഡോ.പി.എം ഫയാസ്, പള്ളത്ത് ഐക്കരപ്പടി,മന്നം |
| 2 | 9/450 | ഡോ.മുഹമ്മദാലി,സ്മിതാ ഹോസ്പിറ്റൽ |
| 3 | 15/118 | കെ.ആർ കൃഷ്ണ |
| 4 | 15/254/D | സജീവ്.എ.അജോയ് |
| 5 | 16/258 | ഡോ.വിനോദ്കുമാർ |

ആയത് സൂചിപ്പിച്ച് 18-08-2021 ൽ എൻക്വയറി (നമ്പർ 15) നൽകിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമായില്ല. മേൽ ചേർത്ത അപാകത പരിശോധിച്ച് ഇവയിൽ നിന്നും ലൈസൻസ് ഫീസ് , രജിസ്ട്രേഷൻ ഫീസ്, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കെ.പി.ആർ (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ ഭേദഗതി വരുത്തുകയും, ചട്ടത്തിലെ പട്ടിക 2ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസ് ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് 500 രൂപ,1000 രൂപ,5000 രൂപ,10000 രൂപ,15000 രൂപ എന്നിങ്ങനെ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് അപേക്ഷകരിൽ കൂടുതലും 500 രൂപയിൽ താഴെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളാണുള്ളത്. ഇവയിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. 500 രൂപയിൽ താഴെ ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളിൽ നിന്നും ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്ന് വ്യക്തമല്ല.ആയത് സൂചിപ്പിച്ച് 16.08.2021 ന് നൽകിയ എൻക്വയറി നമ്പർ 1 ന് മുൻ വർഷങ്ങളിൽ ഈടാക്കിയ അതേ ലൈസൻസ് ഫീസ് തന്നെയാണ് തുടർന്ന് പോരുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതിയ സ്ലാബ് നിശ്ചയിച്ച് കമ്മിറ്റി അംഗീകാരം വാങ്ങിയിട്ടില്ലെന്നുമാണ് മറുപടി ലഭ്യമായത്. ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്ത് 2019-20 സാമ്പത്തിക വർഷം ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017ലെ ജിഒ(പി)നം 80/2017 ത.സ്വ.ഭ.വ.എസ്.ആർ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരമുള്ള നിരക്കിൽ ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും, വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയത് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-16 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

എ) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിലെ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഫോക്കസ് മോട്ടോഴ്സ് | I, II |
| 2 | മാനേജർ, സപ്ലൈക്കോ മന്നം | I, II |
| 3 | മാനേജർ സപ്ലൈക്കോ ചിറ്റാറ്റുകര | I, II |
| 4 | മാനേജർ എസ് ബി ഐ മന്നം | I, II |
| 5 | കെ എസ് ഇ ബി വടക്കേക്കര | I, II |
| 6 | പതിയാറ ബിൽഡ് വെയർ സൌത്ത് നാലുവഴി | I, II |
| 7 | ടോപ് മോസ്റ്റ് എന്റർപ്രൈസസ് പ്രൈവറ്റ് എൽ ടി ഡി | I, II |
| 8 | എസ് സി ബി 137 | I, II |
| 9 | മുത്തൂറ്റ് ഫിൻകോർപ് മുനമ്പം കവല | I, II |
| 10 | മുത്തൂറ്റ് മൈക്രോ ഫിനാൻസ് | I, II |

| | | |
|---|---|---|
| 11 | സപ്ലൈക്കോ ഡിപ്പോ നോർത്ത് പറവൂർ | I, II |
| 12 | വടക്കേക്കര എസ് സി ബി 3131 | I, II |
| 13 | ചിറ്റാറ്റുകര സർവ്വീസ് കോർപറേറ്റീവ് ബാങ്ക് 1443 | I, II |
| 14 | എസ് എം എൽ മോട്ടോഴ്സ് | I, II |

ബി) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഇസ്ലാമിക് യു പി സ്കൂൾ മന്നം | I |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ കേരള വാട്ടർ അതോറിറ്റി | II |
| 3 | മാനേജർ സപ്ലൈക്കോ മന്നം | I, II |
| 4 | ദേവൂ മോട്ടോഴ്സ് യമഹ, താന്നിപ്പാടം | I, II |
| 5 | ടി വി എസ് സുന്ദരം അയ്യങ്കാർ സൺസ് & പ്രൈവറ്റ് ലിമിറ്റഡ് വെടിമറ | I, II |
| 6 | ഡോ.മസ്ഹർ'സ് ഹോമിയോപതിക് ഹോമിയോ ക്ലിനിക്ക്, തോപ്പ് | I, II |
| 7 | തുടർ വിദ്യഭ്യാസം പ്രേരക് | I, II |
| 8 | എസ് എം എൽ മോട്ടോഴ്സ് | I, II |
| 9 | ഫോക്കസ് മോട്ടോഴ്സ് | I, II |
| 10 | ഫാമിലി ക്ലിനിക്ക് (ഡെന്റൽ & ഹോമിയോ), പുതിയകാവ് | I, II |
| 11 | കളത്തുങ്കൽ ആയൂർ ക്ലിനിക്ക്, ചെറിയ പല്ലംതുരുത്ത് | I, II |
| 12 | ലക്ഷമി ക്ലിനിക്ക്, പട്ടണം റോഡ്, പട്ടണം | I, II |
| 13 | എ.എം റൈസ ഡോക്റേഴ്സ് ലബോറട്ടറി | I, II |

സി) ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ആയത് പ്രകാരം തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

ഡി) ചിറ്റാറ്റുകര ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | പേര് |
|---|---|
| 1 | അഖിൽ എ ആർ |
| 2 | അനീഷ് സി എസ് |
| 4 | ബൈജു വി എസ് |
| 5 | ബിജിൽകുമാർ ടി എസ് |
| 6 | ദിലീപ് എം എം |
| 7 | ഫ്രാൻസിസ്.കെ.ജി |
| 8 | ജീസ്മോൻ.എം.എ |
| 9 | മഹേഷ്.കെ.എം |
| 10 | നൌഷാദ്.പി.എം |
| 11 | രാഗേഷ്.കെ.എം |
| 12 | രാജേഷ്.കെ.വി |
| 13 | സാബു.പി.ആർ |
| 14 | സലി.പി.ജെ |
| 15 | ഷൈൻ.എ.വില്യംസ് |
| 16 | സുരേഷ്.ടി.ജി |
| 17 | ശ്യാം.കെ.ടി |
| 18 | വിപിൻ.കെ.വി |
| 19 | ബിജു.ഒ.പി |
| 20 | ഇഗ്നേഷ്യസ് |
| 21 | ബിജു ഫ്രാൻസിസ് |
| 22 | പി.എ ജോഷി |
| 23 | പി.കെ നസീർ |
| 24 | കെ.ടി രമേഷ് |
| 25 | ജയപാലൻ.വി.ബി |
| 26 | സുനിൽ ബാബു |

| | |
|---|---|
| 27 | സുജീവ്.കെ.ആർ |

ഇ) ജി.എൽ.പി.എസ് പുതിയകാവ്, മുത്തൂറ്റ് ഫിൻകോർപ്പ് മുനമ്പം കവല എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധ വർഷം ഈടാക്കിയ തൊഴിൽനികുതി യഥാക്രമം 7000 രൂപയും, 3480 രൂപയുമാണ്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാന വിവരങ്ങൾ ലഭ്യമായില്ല. രണ്ടാം അർദ്ധവർഷം ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും യഥാക്രമം 5750 രൂപയും, 2500 രൂപയും തൊഴിൽ നികുതി ആയി ഈടാക്കിയിട്ടുണ്ട്. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരിൽ നിന്നും തൊഴിൽനികുതി പിരിച്ചതെന്നും, രണ്ടാം അർദ്ധവർഷം കുറവ് തൊഴിൽനികുതി ഈടാക്കിയതിനും വിശദീകരണം നൽകേണ്ടതാണ്.

മേൽ അപാകതകൾ സൂചിപ്പിച്ച് 16-08-2021 ന് എൻക്വയറി (നമ്പർ 3) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമായില്ല. മേൽ ചേർത്ത തൊഴിൽനികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-17 വാഹനത്തിന്റെ ഉപയോഗം - രേഖകൾ സൂക്ഷിക്കുന്നില്ല

1. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള പൊതുമാർഗ്ഗ രേഖ പ്രകാരം സൂക്ഷിക്കേണ്ടതായ പ്രധാന രേഖകളായ ഇന്ധന ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, ഇന്ധനത്തിന്റേയും എണ്ണയുടേയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ലോഗ് ബുക്ക് സൂക്ഷിക്കുന്നുണ്ട്.

2. ഓരോ അർദ്ധവർഷവും വാഹനത്തിന്റെ വരവിന്റേയും ചെലവിന്റേയും റിപ്പോർട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

3. വാഹനത്തിന്റെ ഇന്ധനക്ഷമത ടെസ്റ്റ് ആറ് മാസത്തിലൊരിക്കൽ, മോട്ടോർ വാഹനവകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനേക്കൊണ്ട് നടത്തിക്കേണ്ടതും, അതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. മുൻ ടെസ്റ്റിനെ അപേക്ഷിച്ച് ഇന്ധന ഉപയോഗത്തിന്റെ അളവ് വർദ്ധിച്ചിട്ടുണ്ടെങ്കിൽ വാഹനത്തിന് ഉണ്ടെന്ന് കരുതുന്ന തകരാർ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കേണ്ടതും അപ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ പ്രവർത്തിക്കേണ്ടതുമാണ്.

4. വാഹനം, നിശ്ചയിച്ചിട്ടുള്ള ഇടവേളകളിൽ സർവീസിംഗിന് വിധേയമാക്കി രേഖകൾ സൂക്ഷിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന വിധത്തിൽ വാഹനത്തിന്റെ രേഖകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നേരിട്ട് നടപ്പിലാക്കിയ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല

(1) പ്രോജക്ട് നം. : എസ്. 1/20

പ്രോജക്ടിന്റെ പേര് : അങ്കണവാടി പൂരകപോഷകാഹാരം

ആകെ അടങ്കൽ : 1823620/-രൂ.

(വികസന ഫണ്ട് : 1423620/-രൂ.-, കേന്ദ്രാവിഷ്കൃത ഫണ്ട്: 400000/-രൂ.)

ആകെ ചെലവ് : 1823620/-രൂ.

വികസന ഫണ്ട് , കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവയിൽ നിന്നും ചെലവഴിച്ച തുക യഥാക്രമം 6679/-രൂ, 1,69,897/-രൂ എന്നിവയുടെ, ചെലവ് രേഖകൾ ഓഡിറ്റിനായി ഹാജരാക്കിയില്ല. ചെലവ് റിപ്പോർട്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എൻക്വയറി (നം.13) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ (വികസന ഫണ്ട് : 6679/-രൂ, കേന്ദ്രാവിഷ്കൃത ഫണ്ട് : 1,69,897/-രൂ ) ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ, മേൽപ്പറഞ്ഞ തുകകളുടെ (6679/-രൂ, 1,69,897/-രൂ )ചെലവ് തടസ്സപ്പെടുത്തുന്നു.

(2) പ്രോജക്ട് നം. : എസ്.ഒ. 136/20

പ്രോജക്ടിന്റെ പേര് : ബാലസഭ

ആകെ അടങ്കൽ : 40000/-രൂ.(വികസന ഫണ്ട് )

ആകെ ചെലവ് : 33375/-രൂ.
ഈ പ്രോജക്ടിന്റെ ഫയലുകളും അനുബന്ധ ചെലവ് രേഖകളും ഓഡിറ്റിനായി ഹാജരാക്കിയില്ല. ചെലവ് റിപ്പോർട്ട് പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എൻക്വയറി (നം.13) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഫയലുകളും അനുബന്ധ ചെലവ് രേഖകളും ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ, ആകെ ചെലവായ 33375/-രൂ. തടസ്സപ്പെടുത്തുന്നു.

## 1-19 സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിൽ കൂടുതൽ അളവിൽ മുറി പണിതു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജകട് നമ്പർ S0 146/20 (സ്പിൽ ഓവർ) പ്രകാരം എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താവായ ശ്രീ സലി കെ.കെ എന്നയാൾക്ക് 2019-20 വർഷം 1,00,000 (ബിൽ റഫറൻസ് നമ്പർ 781495/6.11.19) രൂപ നൽകിയിട്ടുണ്ട്. മുൻവർഷം നൽകിയ 100000/- രൂപ ഉൾപ്പെടെ ആകെ 2,00,000/- രൂപയാണ് ഇതിനായി ടിയാൾക്ക് അനുവദിച്ചിരിക്കുന്നത്. എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് പ്രകാരം ടിയാളുടെ വീട് പണിക്ക് ആകെ ചെലവായിരിക്കുന്നത് 200000/- രൂപയാണ്. 150.02 ച. അടിയാണ് പണിതിരിക്കുന്ന മുറിയുടെ തറവിസ്തീർണ്ണം. 13 -ാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.17പ്രകാരം പഠനമുറി പണിയുന്നതിന് 200000/- രൂപ അനുവദനീയമാണെങ്കിലും പണിയുന്ന മുറിയുടെ അളവ് 100 ച.അടിയിൽ അധികരിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ സലി കെ.കെ 50 ച.അടി അധികമായാണ് നിർമ്മാണം നടത്തിയിരിക്കുന്നത്. അനുവദനീയമായ 100 ച.അടിയിൽ നിജപ്പെടുത്തി ആയതിന് ആനുപാതികമായ തുക നൽകാതെ ഒരു ഗുണഭോക്താവിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനിക്കാവുന്ന പരമാവധി സബ്സിഡി തുകയും ടിയാൾക്ക് അനുവദിച്ചു. അനുവദിക്കാവുന്ന പരിധികളിൽ നിജപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 സ്വയം തൊഴിൽ ചെയ്യുന്നതിന് ഇരുചക്ര വാഹനം - ആഡംബര വാഹനം വാങ്ങിയതിന് ധനസഹായം നൽകി

എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ S0016/20 പ്രകാരം ഇരുചക്ര വാഹനം വാങ്ങുന്നതിന് 30000/- രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ഇരുചക്രവാഹനങ്ങളിൽ സാധനങ്ങൾ കൊണ്ടുനടന്ന് വിൽക്കുന്നതിനായാണ് ഇപ്രകാരം ആനുകൂല്യം നൽകിയിരിക്കുന്നത്. വാഹനം വാങ്ങിയ രേഖകൾ പരിശോധിച്ചതിൽ അഖിൽ കെ.ബി, കുറ്റിക്കാട്ടുപറമ്പിൽ , താന്നിപ്പാടം എന്നയാളുടെ സബ്സിഡി ഇനത്തിൽ 30000/- രൂപ ബിൽ നമ്പർ 993900/26.12.2019 പ്രകാരം അർബൻ ലോക്കോമേറ്റ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ടിയാൾ വാങ്ങിയിരിക്കുന്നത് നികുതി ഉൾപ്പെടെ 115557/- രൂപയ്ക്ക് ആഡംബര ഇനത്തിൽപ്പെട്ട റോയൽ എൻഫീൽഡ് എന്ന ബുള്ളറ്റ് ആണ്. ഇത് ഉയർന്ന നിരക്കിലുള്ള ഇന്ധന ചെലവ് ആവശ്യമുള്ള വാഹനം ആണ് . തൊഴിൽ രഹിതരോ, ഇരുചക്രവാഹനങ്ങളിൽ സാധനങ്ങൾ കൊണ്ടുനടന്ന് വിൽക്കുന്നവരോ അതിന് തയ്യാറുള്ളവരോ ആയിട്ടുള്ളവർക്കാണ് ഈ ആനുകൂല്യം നൽകേണ്ടത്. ടിയാൾ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇരുചക്രവാഹനങ്ങളിൽ സാധനങ്ങൾ കൊണ്ടുനടന്ന് വിൽക്കുന്നതിനായിട്ടാണ് വാഹനം വേണ്ടത് എന്നാണ്. റേഷൻ കാർഡിൽ രേഖപ്പെടുത്തിയിരിക്കുന്നത് പ്രകാരം ടിയാൾ ടെക്നീഷ്യൻ ആണ്. ടിയാളുടെ വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഇല്ല. ടിയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ടിയാൾ വാങ്ങുന്ന വാഹനം റോയൽ എൻഫീൽഡ് എന്ന ബുള്ളറ്റ് ആണ് എന്ന് എന്നും ടിയാൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി സി4-13566/21.12.2019 പ്രകാരം കത്ത് നൽകിയിരുന്നുവെങ്കിലും ആ കത്ത് കമ്മിറ്റി പരിഗണിച്ചിട്ടില്ല. ആയത് പരിഗണിക്കാതെ 23.12.2019 – ലെ അടിയന്തിരയോഗത്തിലെ 1/1 നമ്പർ തീരുമാനപ്രകാരം ടിയാൾക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിക്കുകയാണുണ്ടായത്. ഉയർന്ന നിരക്കിലുള്ള ഇന്ധന ചെലവ് ആവശ്യമുള്ള ആഡംബര വാഹനത്തിന് ധനസഹായം നൽകിയത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

## 1-21 സുലേഖ ചെലവ് പത്രികയും യഥാർത്ഥ ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2019-2020 സാമ്പത്തികവർഷത്തിൽ നടപ്പിലാക്കിയ കാലിത്തൊഴുത്ത് നവീകരണം എന്ന പദ്ധതി (പ്രോജക്ട് നമ്പർ 51/2019-2020) സംബന്ധിച്ച രേഖകൾ പ്രകാരം 116241 രൂപയുടെ ചെലവ് നടന്നിട്ടുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 41241 രൂപ മാത്രമാണ്. സുലേഖ സോഫ്റ്റ് വെയറിൽ പദ്ധതിയുടെ പൂർണ്ണമായ ചെലവുകളും രേഖപ്പെടുത്തേണ്ടതാണ്.

## 1-22 തെരുവു നായ്ക്കളിലെ പ്രജനന നിയന്ത്രണം - പദ്ധതി നടപ്പാക്കിയിട്ടില്ല

പഞ്ചായത്തിലെ തെരുവു നായ്ക്കളിലെ പ്രജനന നിയന്ത്രണവും വന്ധ്യംകരണവും എന്ന പ്രോജക്റ്റിന് താഴെപ്പറയുന്ന രീതിയിൽ കുടുംബശ്രീ എറണാകുളം ജില്ലാ മിഷന് തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | തുക | ബിൽനമ്പർ, തീയതി |
|---|---|---|
| എസ് 0042/19 (2018-19 വർഷം ) | 52,500 (വികസനഫണ്ട്) | 897593/3.12.2019 , (പ്രോജ. നം. 147/20) |
| എസ് 0027/20(2019-20) | 55,000 (വികസനഫണ്ട്) 1,700 (തനത് ഫണ്ട്) | 897589/3.12.2019 |

തെരുവ് നായ പ്രശ്നം പരിഹരിക്കുന്നതിനുള്ള എബിസി പദ്ധതി ഏജൻസിയായി കുടുംബശ്രീയെക്കൂടി ഉൾപ്പെടുത്തിയതായും ഒരു തെരുവ് നായയെ വന്ധീകരിക്കുന്നതിനായി തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ് തുടങ്ങിയവ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഒരു നായക്ക് 2100 രൂപ നിരക്കിൽ മുൻകൂർ ആയി കുടുംബശ്രീ ജില്ലാ കോർഡിനേറ്റർക്ക് നൽകാവുന്നതുമാണ് എന്ന് സ.ഉ.നം. 1450/17/തസ്വഭവ., തീ.തി 5/5/2017 പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

ഇപ്രകാരം തുക കൈമാറിയശേഷം പഞ്ചായത്ത് കുടുംബശ്രീയുമായി വച്ച കരാറിൽ, എബിസി പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ, നായകളെ സൂക്ഷിക്കുന്നതിനുള്ള കൂടുകൾ സർജറി റൂം മുതലായവ അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കുടുംബശ്രീക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പഞ്ചായത്തിൽനിന്നും തുക കൈമാറിയിട്ടുണ്ടെങ്കിലും ഈ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള യാതൊരു വിധ തുടർനടപടികളും ഉണ്ടായിട്ടില്ല. പദ്ധതി ഇതുവരെയും നടപ്പാക്കിയിട്ടുമില്ല. പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാൻ കുടുംബശ്രീയോട് ആവശ്യപ്പെടേണ്ടതാണ്.

## 1-23 ടച്ച് സ്ക്രീൻ പ്രവർത്തിക്കുന്നില്ല.

പ്രോജക്ട് നമ്പർ എസ് ഒ 164/20 പ്രകാരം ISO സർട്ടിഫിക്കേഷന്റെ ഭാഗമായി അനുബന്ധ സൌകര്യമൊരുക്കൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പഞ്ചായത്ത് ഓഫീസിലേക്ക് ഒരു ടച്ച് സ്ക്രീൻ വാങ്ങിയിട്ടുണ്ട് (ചെക്ക് നമ്പർ 5332461/17.9.19). ക്രിസ്റ്റൽ ടെക്നോളജീസ് , കൊച്ചിൻ എന്ന സ്ഥാപനത്തിൽനിന്ന് ഇൻവോയ്സ് നമ്പർ B2C1077/22.7.19 പ്രകാരം ഐറ്റം സപ്ലൈ ചെയ്തിട്ടുണ്ടെങ്കിലും ഇൻവോയ്സിൽ ഗാരന്റി ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ടച്ച് സ്ക്രീൻ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുമില്ല. ഇതിന്റെ പ്രവർത്തനം എന്ന് നിലച്ചുവെന്ന് വ്യക്തമല്ല. തനത് ഫണ്ടിൽ നിന്നും 50,000/- രൂപ ചെലവാക്കി വാങ്ങിയ ടച്ച് സ്ക്രീൻ ഇത്ര പെട്ടെന്ന് പ്രവർത്തനരഹിതമായെങ്കിലും ഇതിന്മേൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

## 1-24 വി.ഇ.ഒ. നടപ്പിലാക്കിയ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. : 212/20

പ്രോജക്റ്റിന്റെ പേര് : ലൈഫ്ഭവനപദ്ധതി- ഭൂരഹിതഭവനരഹിതർക്ക് സ്ഥലം വാങ്ങൽ (ജനറൽ)

ആകെ അടങ്കൽ : 4050000/-രൂ.

(തനത് ഫണ്ട് : 50000/- ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് : 2000000/-രൂ.-, ജില്ലാ പഞ്ചായത്ത് ഫണ്ട് 2000000/-രൂ.)

ആകെ ചെലവ് : 1000000/-രൂ.

"ഭൂരഹിതഭവനരഹിതർക്ക് സ്ഥലം വാങ്ങൽ" പ്രോജക്ടിലൂടെ 5 പേർക്ക് രണ്ട് ലക്ഷം രൂപാ വീതം നൽകിയിട്ടുണ്ട്. ആനുകൂല്യം ലഭിച്ചവരുടെ പേരുവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു. പ്രോജക്ടിന്റെ നടത്തിപ്പിലെ ഗുണഭോക്തൃ ലിസ്റ്റ് , തിരഞ്ഞെടുക്കപ്പെട്ടവരുടെ വരുമാനപരിധി അറിയുന്നതിനുള്ള രേഖകൾ , എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. തന്മൂലം അർഹരായ വ്യക്തികൾക്ക് തന്നെയാണോ ഈ ആനുകൂല്യം നൽകിയിരിക്കുന്നത് എന്നതിന് വ്യക്തതയില്ല. കൂടാതെ, ആവശ്യമായ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ "കരാർപത്രം" ശൂന്യമായി സൂക്ഷിക്കുന്നു. ഇതിനോടനുബന്ധിച്ച് എൻക്വയറി (നം.18) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടിന്റെ നടത്തിപ്പിലെ ഗുണഭോക്തൃ ലിസ്റ്റ് , തിരഞ്ഞെടുക്കപ്പെട്ടവരുടെ കുടുംബവരുമാനം (മൂന്ന് ലക്ഷത്തിൽ താഴെയുള്ളവർ) അറിയുന്നതിനുള്ള രേഖകൾ , എന്നിവ ഹാജരാക്കുന്നതുവരെ ആകെ ചെലവായ തുക 1000000/-രൂ. തടസ്സപ്പെടുത്തുന്നു. ഗുണഭോക്താവുമായി ഏർപ്പെട്ടിരിക്കുന്ന കരാർപത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | ലൈഫ് ഗുണഭോക്താവിന്റെ പേര്/ വിലാസം | ഗുണഭോക്താവിന് സ്ഥലം നൽകിയ ആളുടെ പേര്/ ഗുണഭോക്താവിനു വേണ്ടി കൈപ്പറ്റിയ തുക/ അക്കൗണ്ട് നം. |
|---|---|---|
| 1 | കാഞ്ചനസുകുമാരൻ, തുരുന്നമ്മേൽ, പറയകാട് | ഐഷ സിബി<br>200000/-രൂ<br>അക്കൗണ്ട് നം.856810110000018 |
| 2 | ഗിനീഷ് കെ. ജെ. , കല്ലുമടത്തിൽ, പറവൂത്തറ, നോർത്ത് പറവൂർ. | കെ.സി. ഉണ്ണിക്യഷ്ണൻ,<br>200000/-രൂ<br>അക്കൗണ്ട് നം.010241000007228 |
| 3 | പ്രദീപ് എൻ.എ., നാലപ്പാട്ട് പറമ്പ്, ചുയിത്തറ , നോർത്ത് പറവൂർ. | കൊച്ചുത്രേസ്യ പാറയ്ക്കൽ, കച്ചേരിപ്പടി.<br>200000/-രൂ<br>അക്കൗണ്ട് നം.67170762342 |
| 4 | സരസ ശിവൻ, കാക്കനാട് വീട്,ചിറ്റാറ്റുകര, വടക്കേക്കര പി.ഒ. | മേഴ്സി ജോസ്, താണാപ്പിള്ളി, കറുകുറ്റി.<br>200000/-രൂ<br>അക്കൗണ്ട് നം.43262250001615 |
| 5 | ജയന്തി സുകേശൻ, മാടേപ്പടി, ചിറ്റാറ്റുകര, വടക്കേക്കര പി.ഒ. | ശശികുമാർ കെ.കെ.<br>200000/-രൂ<br>അക്കൗണ്ട്നം.0104053000004668 |

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നമ്പർ 29/2019-2020

ആകെ ചെലവ് 156250/- രൂപ (പൊതുവിഭാഗം ഫണ്ട്)

മേൽ പദ്ധതി പ്രകാരം ഓരോ കന്നുകുട്ടിക്കും കാലിത്തീറ്റക്ക് പഞ്ചായത്തിൽ നിന്ന് സബ്സിഡിയായി പ്രോജക്റ്റ് ഓഫീസർക്ക് 6,250/- രൂപയാണ് കൈമാറിയിട്ടുള്ളത്. ആകെ 25 ഗുണഭോക്താക്കൾ ആണുള്ളത്. അതിൽ താഴെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതിനാൽ സബ്സിഡി തുക പൂർണ്ണമായും ചെലവാക്കപ്പെട്ടിട്ടില്ല. മേൽ തുകകൾ തിരികെ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പഞ്ചായത്ത് വിഹിതമായി നല്കിയ സബ്സിഡി തുക (രൂ) | കാലിത്തീറ്റക്കായി ചെലവഴിച്ച സബ്സിഡി തുക (രൂ) | പ്രോജക്റ്റ് ഓഫീസർ വശമുള്ള ചെലവഴിക്കാത്ത സബ്സിഡി തുക(രൂ) |
|---|---|---|---|---|
| 1 | വി.കെ. ബാബു, വള്ളോപ്പിള്ളി | 6250 | 675 | 5575 |

| | | | | |
|---|---|---|---|---|
| 2 | യമുന ചന്ദ്രൻ, കൊരട്ടിക്കരപ്പാടം | 6250 | 2700 | 3550 |

## 1-26 പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂര പുനരുദ്ധാരണം - അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | 173/2019-20,<br>പഞ്ചായത്ത് ഓഫീസിന്റെ മേൽക്കൂര പുനരുദ്ധാരണം |
| അടങ്കൽ | 475000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എം.ബുക്ക് | 178/18-19 |
| ചെലവ് വിവരം | 368190.66(ചെക്ക് നമ്പർ/തീയതി- 5332480/06.01.2020) |
| കരാറുകരാൻ | അനീഷ്.സി.എസ് |

2019-20 സാമ്പത്തിക വർഷം അസി.എഞ്ചിനിയർ നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫിസിന്റെ മേൽക്കൂര പുനരുദ്ധാരണം എന്ന പദ്ധതിയിൽ പഞ്ചായത്ത് ഓഫിസിന്റെ മേൽക്കൂര അലൂമിനിയം ഷീറ്റ് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് എം.ബുക്ക് പ്രകാരം ഇനം-9 ആയി ചെയ്ത പ്രവ്യത്തിയിൽ .45എം.എം. അലൂമിനിയം കൊറുഗേറ്റഡ് ഷീറ്റ് ഉപയോഗിച്ചതിനാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ കമ്പനി സ്പെസിഫിക്കേഷൻ പ്രകാരം റൂഫിൽ ഉപയോഗിച്ചിരിക്കുന്ന ഷീറ്റിന്റെ കനം അതിൽ രേഖപ്പെടുത്തിയിട്ടില്ല. .45എം.എം കനമുള്ള ഉള്ള റൂഫിംഗ് ഷീറ്റ് ഉപയോഗിച്ചാണോ പ്രവൃത്തി പൂർത്തികരിച്ചത് എന്ന് തെളിയിക്കുന്നതിന് ആവശ്യമായ ഇൻവോയിസ് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി – പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ലഭ്യമാക്കിയ ഇൻവോയിസിൽ .45 എം.എം. കനം ഉള്ള ഷീറ്റ് തന്നെയാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. .45 എം.എം. കനം ഉള്ള ഷീറ്റ് ഉപയോഗിച്ചാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-27 വിൽപ്പത്ര പ്രകാരം പഞ്ചായത്തിന് അർഹതപ്പെട്ട ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കിയില്ല.

2019-2020 വർഷത്തെ വിവരാവകാശ രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രീ കെ. എം. അമീർ,മെമ്പർ, ചിറ്റാറ്റുകര പഞ്ചായത്ത് 28-12-2019 ൽ നല്കിയ അപേക്ഷയിൽ ചിറ്റാറ്റുകര പഞ്ചായത്തിന് മുൻ പഞ്ചായത്ത് പ്രസിഡന്റ് എ.വി. ഈപ്പൻ തന്റെ വിൽപത്രപ്രകാരം സ്ഥലം നല്കിയിട്ടുള്ളതായ ഒരു പരാമർശം ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വടക്കേക്കര വില്ലേജ് സർവ്വേ 188/15 C യിൽ പെട്ട 22 സെന്റ് സ്ഥലം എ.വി. ഈപ്പൻ തന്റെ വിൽപത്രപ്രകാരം പഞ്ചായത്തിന് നല്കിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. പ്രസ്തുത സ്ഥലത്ത് ഒരു വായനശാല, ക്ലബ്, അംഗനവാടി എന്നിവ സ്ഥാപിക്കാൻ പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടിയാന്റെ കാലശേഷം വിൽപത്രപ്രകാരമുള്ള വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് ചിറ്റാറ്റുകര പഞ്ചായത്ത് സെക്രട്ടറിയെ എക്സിക്യൂട്ടറായി വിൽപത്രത്തിൽ നിശ്ചയം ചെയ്തിട്ടുള്ളതുമാണ്. എ.വി. ഈപ്പൻ 26-01-1999 ൽ മരണപ്പെട്ടിട്ടുള്ളതാകുന്നു. വിൽപ്പത്രത്തിന്റെ എക്സിക്യൂട്ടർ എന്ന നിലയിൽ പ്രവർത്തിക്കാൻ തയ്യാറല്ല എന്നും വിൽപത്രപ്രകാരം താങ്കൾക്ക് യുക്തമെന്ന് തോന്നുന്നത് ചെയ്യാമെന്നും കാണിച്ച് 26-2-2000 ലെ സി1-128/99 പ്രകാരം സെക്രട്ടറി വിൽപ്പത്രത്തിലെ പ്രതിനിധികൾക്ക് കത്തയച്ചതായി രേഖകളിൽ നിന്ന് ബോധ്യപ്പെടുന്നു. അതിനാൽ അക്കാലയളവിൽ പ്രസ്തുത സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലേക്ക് മാറ്റുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല. പിന്നീട് എ.വി. ഈപ്പന്റെ ചില ബന്ധുക്കൾ മേൽ സ്ഥലം ഉൾപ്പെടെയുള്ള വസ്തുക്കൾ 2002ൽ കൊല്ലം സബ് രജിസ്റ്റാർ ഓഫീസിൽ 2880 നമ്പർ ആയി ഒരു ഭാഗപത്രം രജിസ്റ്റർ ചെയ്തതായും കാണുന്നു. വസ്തു പോക്ക് വരവ് ചെയ്യുന്നതിനായി ഇവർ തഹസിൽദാർക്ക് അപേക്ഷ നല്കിയ വേളയിലാണ് ഇത് സംബന്ധിച്ച് പഞ്ചായത്തിന് അറിവ് ലഭിക്കുന്നത്. തഹസീൽദാർ ഇത് സംബന്ധിച്ച് പഞ്ചായത്തിന്റെ അഭിപ്രായം തേടിയിട്ടുള്ളതിന്റെ രേഖയും ഫയലിലുണ്ട്. പഞ്ചായത്തിന് വിൽപത്രപ്രകാരം പ്രസ്തുതഭൂമിയിന്മേൽ ഉടമസ്ഥാവകാശം ഉണ്ടെന്നുള്ള നിയമോപദേശം ഗവണ്മെന്റ് പ്ളീഡർ നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന് അർഹതപ്പെട്ട് ഭൂമി അധീനത്തിലാക്കാൻ നാളിത് വരെയും സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം തേടിക്കൊണ്ടും പ്രസ്തുതവിഷയത്തിലെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടും എൻക്വയറി (നമ്പർ 7)നല്കിയിരുന്നു. വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുതസ്ഥലം അധീനതയിലാക്കുന്നതിനു വേണ്ടി, നിലവിൽ നടന്നുകൊണ്ടിരിക്കുന്ന നിയമപരമായ നടപടികളിന്മേൽ പഞ്ചായത്തിന്റെ ഭാഗത്ത്നിന്ന് വേണ്ട കൃത്യമായ നിരീക്ഷണവും തുടർനടപടികളുമുണ്ടാകേണ്ടതാണ്.

## 1-28 മരുന്നുകളും ഉപകരണങ്ങളും മുഴവൻ ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 99/19-20 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്നും പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി കിടപ്പ് രോഗികൾക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി തുക നൽകിയിട്ടുണ്ട്. എന്നാൽ നൽകിയ തുകക്കുള്ള മരുന്നുകളും ഉപകരണങ്ങളും മുഴവൻ ലഭ്യമായിട്ടില്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക നൽകിയ ബിൽ നമ്പർ,തീയതി | തുക | ലഭ്യമായ മരുന്നുകളുടെ/ ഉപകരണങ്ങളുടെ ഇൻവോയ്സ് നമ്പർ, തീയതി | തുക | മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽബാക്കി തുക |
|---|---|---|---|---|
| 7/19-20,21.1.20 | 149600 | 44468/22.3.21 | 26171 | |
| | | 2276/12.6.21 | 25549 | |
| | | 2643/22.6.21 | 1226 | |
| | | 2277/12.6.21 | 42065 | |
| | | 2274/12.6.21 | 32793 | |

| | | | | |
|---|---|---|---|---|
| ആകെ | | | 127804 | 21796 |
| 8/19-20,13.2.20 | 49684 | 30254/11.2.2021 | 27440 | 22244 |

2020 വർഷം ആദ്യ മാസങ്ങളിൽ നൽകിയ തുകയുടെ മരുന്നുകൾ ഇതുവരെയും മുഴുവനായും ലഭിച്ചിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതിയിൽപ്പെടുന്ന ഗുണഭോക്താക്കൾ വളരെയധികം ഗുരുതരാവസ്ഥയിൽപ്പെട്ടവരായതിനാൽ വളരെ വൈകി ലഭിക്കുന്ന മരുന്നുകളും ഉപകരണങ്ങളും അവർക്ക് ഉപയോഗപ്രദമല്ലാതെ വരുന്ന അവസ്ഥയാണുള്ളത്. അവശ്യമരുന്നുകളും ഉപകരണങ്ങളും സമയത്ത് തന്നെ ലഭിക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 1-29 ഓഡിറ്റ് ഇംപാക്ട്

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം കയ്യെഴുത്ത് രസീത് മുഖേന പിരിച്ച 1717/- രൂപ പഞ്ചായത്തിൽ അടവാക്കാത്തത് സംബന്ധിച്ച് 13-08-2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 2) വഴി 25-08-2021 ൽ രസീത് നമ്പർ 12010100853 പ്രകാരം മേൽ തുക അടവാക്കിയിട്ടുണ്ട്

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 വില്ലേജ് ഓഫിസ് റോഡ് മെയിന്റനൻസ്,കാന നിർമ്മാണം-അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ ,പേര് | എസ്.ഒ 051/18 (162/19-20)<br>വില്ലേജ് ഓഫീസ് റോഡ് മെയിന്റനൻസ്, കാന നിർമ്മാണം |
| അടങ്കൽ | 586710/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനിയർ |
| എം.ബുക്ക് | 63/18-19 |
| ചെലവ് വിവരം | 1)ബിൽ നമ്പർ /തീയതി-5/19-20/07.06.2019-2,22,222/-രൂപ<br>2)ബിൽ നമ്പർ /തീയതി-12/19-20/26.06.2019-350303/-രൂപ |
| കരാറുകരാൻ | ബിജുകുമാർ.ടി.എസ് |

ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങുകയും തുടർന്ന് 2019-20 വർഷം നടപ്പാക്കിയതുമായ വില്ലേജ് ഓഫിസ് റോഡ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ റോഡ് നിർമ്മാണത്തോട് ഒപ്പം കാന നിർമ്മാണവും നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം50 മീറ്റർ നിളത്തിലും 60സെന്റിമീറ്റർ വീതിയിലും 65 സെന്റീമീറ്റർ താഴ്ചയിലും എർത്ത് വർക്ക് നടത്തി 50 മീറ്റർ നിളത്തിലും 55 സെന്റിമീറ്റർ താഴ്ചയിലും 15 സെന്റിമീറ്റർ വീതിയിലും സൈഡ് വാൾ (1:2.5:5)നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കൂടാതെ എസ്റ്റിമേറ്റ് പ്രകാരം വെയറിംഗ് കോട്ട് 50 മീറ്റർ നിളത്തിലും 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലുമാണ് ചെയ്യുന്നത്. എന്നാൽ എം ബുക്ക് പ്രകാരം ഇനം 3 ആയി ചെയ്ത പ്രവൃത്തിയിൽ കാനയുടെ സൈഡ് വാൾ (1:2.5:5)നിർമ്മിച്ചിരിക്കുന്നത് 19 സെന്റിമീറ്റർ 20 സെന്റിമീറ്റർ എന്നീ വീതികളിലാണ്. 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലുമാണ് വെയറിംഗ് കോട്ട് ചെയ്തിരിക്കുന്നത്.ഇപ്രകാരം 30 സെന്റിമീറ്റർ വീതിയിലും .050 സെന്റിമീറ്റർ കനത്തിലും വെയറിംഗ് കോട്ട് (1:2:4)ചെയ്തതിനാൽ സൈഡ് വാളിന്റെ വീതി 19 സെന്റീമീറ്റർ ഉണ്ടാകില്ല. 15 സെന്റീമീറ്റർ മാത്രമായിരിക്കും വാളിന്റെ വീതി. എസ്റ്റിമേറ്റ് പ്രകാരമുള്ള 15 സെന്റീമീറ്റർ വീതീയിൽ കണക്കാക്കുമ്പോൾ താഴെപ്പറയുന്ന അധിക ചെലവ് കാണുന്നു.

| ഇനം-3 | അനുവദിച്ചത് | ആകെ | അനുവദിക്കാവുന്നത് | അധികം നൽകിയത് |
|---|---|---|---|---|
| 1 | 1X20X.19X(.37+.39/2)=1.44 | | 1X20X.15X(.37+.39/2)=1.14 | |
| 2 | 1X15.85X.19(.37+.39/2)=1.14 | | 1X15.85X.15(.37+.39/2)=.90345 | |
| 3 | 1X4.15X.19X.41=.32 | | 1X4.15X.15X.41=.255 | |
| 4 | 2X20X.19(.39+.38/2)=2.93 | | 2X20X.15(.39+.38/2)=2.31 | |
| 5 | 2X11.5X.19(.38+.42/2)=1.75 | | 2X11.5X.15(.38+.42/2)=1.38 | |
| 6 | 2.6X.2X.53=.28 | | 2.6X.15X.53=.2067 | |
| 7 | 1.4X.2X.65=.18 | | 1.4X.2X.65=.1365 | |
| | ആകെ =8.04 | | ആകെ =6.3312 | |
| | 8.04x7788=62615 | | 6.3312x7788=49307 | 13307 |

എസ്റ്റിമേറ്റിൽ നിന്നും അധികരിച്ച് ഇനം 3 ആയി ചെയ്ത പ്രവൃത്തിയിൽ 13307/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-12/തീയതി 17.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ കാനയുടെ എക്സ്കവേഷൻ രേഖപ്പെടുത്തിയപ്പോൾ .68 മീറ്ററിന് പകരം .60മീറ്റർ എന്ന് രേഖപ്പെടുത്തിയെന്നതാണ്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരവും എം.ബുക്ക് പ്രകാരവും കാനയുടെ എക്സ്കവേഷൻ.60 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അധികം നൽകിയ 13307/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ

ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

.

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | ഇനം | ചെലവഴിച്ച തുക |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | 2/20 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 200000 |
| | 2019-20 | 200000 | 99/20 പാലിയേറ്റിവ് കെയർ | 200000 |
| | 2019-20 | 168645 | 126/20 പാൽ വില സബ്സിഡി | 168645 |
| | 2018-19 | 1000000 | 212/20 ലൈഫ് ഭവന പദ്ധതി ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 1000000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 237175 | 2/20 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 237175 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1633902 | 187/20 തച്ചപ്പിള്ളി വേലംകടവ് റോഡ് ടാറിംഗ് | 1633902 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 269778 | 190/20 ഇല്ലിക്കളം അംബിക സമാജം റോഡ് | 269778 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 491024 | 191/20 പരിപ്പ് തണ്ണീർത്തടം ചിറയപ്പറമ്പ് റോഡ് ചിറകെട്ടലും ടാറിംഗ് മെറ്റലിംഗ് | 491024 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 545957 | 198/20 വി.ഐ.പി കോളനി റോഡ്, ലൂപ്പ് റോഡ്-1 , ലൂപ്പ് റോഡ്-2, ലൂപ്പ് റോഡ്-3, ലൂപ്പ് റോഡ്-4 മെയിന്റനൻസ് | 545957 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 400000 | 152/20 ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണം | 400000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ പറയുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. , തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 42/20 കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ | 22000511 | 100000/- | 100000/- | 0 |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | 41/20 വൈദ്യുത ലൈൻ നീട്ടൽ | 22000509 | 488659 | 488659 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി, | സ.ഉ.(സാ).68/18ധന. / 18.05.18 | 41130000 | 29937933 | 6733529 | 0 | 34396471 |

### 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് ഇല്ല.

## 4-8 ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 2(4) | 2006-07 | 3.39.(1) | മരാമത്ത് പ്രവർത്തികൾക്കും മറ്റും മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല. - മഹാത്മാഗാന്ധി എട്ടിയാട്ട് റോഡ് ഗ്രാവലിംഗ്. | കൺവീനർ അധികമായി കൈപ്പറ്റിയ തുക പലിശ സഹിതം അടവാക്കിയിട്ടുള്ളതും ഇത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ സെക്രട്ടറി തസ്വഭവ (എസി) വകുപ്പിന് നൽകിയിട്ടുള്ളതുമാണ്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,51,78,396 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,42,69,187 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 13,307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,09,951 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ---- | 13,307 | ശ്രീമതി സലീഷ സജിനി<br>അസിസിറ്റന്റ് എഞ്ചിനിയർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18(1) | 176576 | ശ്രീമതി ഫിലോമിന ടീന<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് |
| 1-18(2) | 33375 | ശ്രീമതി ഫിലോമിന ടീന<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് |
| 1-24 | 1000000 | ശ്രീമതി സന്ധ്യ, വി.ഇ.ഒ<br>ചേന്ദമംഗലം സർക്കിൾ |
| ആകെ | 1209951 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

.

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സലീഷ സജിനി<br>അസിസിറ്റന്റ് എഞ്ചിനിയർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | അസിസിറ്റന്റ് എഞ്ചിനിയർ<br>പട്ടണക്കാട് ബ്ലോാക്ക് ഗ്രാമപഞ്ചായത്ത് | മാവുങ്കൽ വീട്, ചെറിയ കന്നപ്പള്ളി.പി.ഒ<br>ആലപ്പുഴ |
| ശ്രീമതി സന്ധ്യ<br>വി.ഇ.ഒ.,<br>ചേന്ദമംഗലം സർക്കിൾ | വി.ഇ.ഒ. ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് | താതെന്റപറമ്പ് വീട്<br>ഘണ്ടാകർണ്ണൻ വെളി<br>കൈതാരം |
| ശ്രീമതി ഫിലോമിന ടീന<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ<br>വടക്കേക്കര | അറക്കപറമ്പിൽ വീട്,<br>വല്ലാർപാടം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ എഫ് ഇ (പി2) 613/98 തീയതി 3.2.1999 |
| 1998-99 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 1999-00 | ” |
| 2000-01 | എൽ എഫ് ഇ (പി2) 1454/02 തീയതി 22.9.2007 |
| 2001-02 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2002-03 | എൽ എഫ് ഇ (പി2) 823/07തീയതി 22.9.2007 |
| 2003-04 | എൽ എഫ് ഇ (പി2) 581/10തീയതി 20.5.2011/1.8.2011 |
| 2004-05 | എൽ എഫ് ഇ (പി2) 582/10തീയതി 20.5.2011/1.8.2011 |
| 2007-08 | എൽ എഫ് ഇ (പി2) 1595/08തീയതി 16.2.2009/6.6.2009 |
| 2008-09,<br>2009-10,<br>2010-11 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2011-12,<br>2012-13 | ” |
| 2013-14 | എൽ എഫ് ഇ (പി10)647/15 തീയതി 8.6.15 |
| 2014-15 | എൽ എഫ് ഇ (പി12) 710/18 തീയതി 09.10.19 |
| 2015-16 | എൽ എഫ് ഇ (പി12)2123/16 തീയതി 15.12.16 |
| 2016-17 | കെ എസ് ഇ-ഇകെഎം (പി12) 1725/2017 തീയതി 25.05.2018 |
| 2017-18 | കെ എസ് ഇ-ഇകെഎം (പി12) 1624/2018 തീയതി 07.9.2018 |
| 2018-19 | കെ എസ് ഇ-ഇകെഎം (പി12)139/2020 തീയതി 03.03.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ചിറ്റാറ്റുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്